ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31-12-2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) രണ്ട് സുപ്രധാന ഹൈവേ പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം; നിയമസഭാ സമ്മേളനം വിളിച്ചു ചേർക്കാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചു.
**Union Cabinet approves two major highway projects; State Cabinet decides to convene Assembly session.**

2.) പുതുവർഷത്തെ വരവേൽക്കാനൊരുങ്ങി രാജ്യം; ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും; സംസ്ഥാനത്ത് പുതുവൽസരാഘോഷ കേന്ദ്രങ്ങളിൽ ജനത്തിരക്കേറി.
**Country gears up for New Year; President Draupadi Murmu and Prime Minister Narendra Modi extend greetings; New Year celebrations in the state are in full swing.**

3.) 100 മില്ലിഗ്രാമിൽ കൂടുതലുള്ള നിമെസുലൈഡ് അടങ്ങിയ എല്ലാ ഓറൽ മരുന്നുകളുടെയും നിർമ്മാണം, വിൽപ്പന, വിതരണം എന്നിവ നിരോധിച്ച് കേന്ദ്ര സർക്കാർ.
**Central government bans manufacture, sale and distribution of all oral medicines containing more than 100 mg of Nimesulide.**

4.) ഇന്ത്യൻ കയറ്റുമതി വ്യാപാരികൾക്ക് ആഗോള വിപണികളിലേക്കുള്ള പ്രവേശനം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച,

മാർക്കറ്റ് അക്സസ് സപ്പോർട്ട് - ദൗത്യത്തിന് തുടക്കമായി.

**Market Access Support Mission launched by the Central Government to strengthen access of Indian exporters to global markets.**

5.) രാംലല്ല പ്രാണ പ്രതിഷ്ഠാ വാർഷികകാഘോഷങ്ങൾ അയോധ്യയിൽ ഭക്തിനിർഭരമായി പുരോഗമിക്കുന്നു; വാർഷികാഘോഷങ്ങൾക്ക് പ്രധാനമന്ത്രി ആശംസകൾ നേർന്നു.

**Ram Lalla Prana Pratishtha anniversary celebrations progressing with devotion in Ayodhya; Prime Minister extends greetings on the anniversary celebrations.**

&&&&&&&&&&&&&&&&&

## CABINET – DECISIONS

രണ്ട് പ്രധാന ഹൈവേ പദ്ധതികൾക്ക് ഇന്ന് അംഗീകാരം നൽകി കേന്ദ്ര മന്ത്രിസഭായോഗം. നാസിക് - സോലാപൂർ ആറുവരി ഹൈവേ ഇടനാഴി, ഒഡീഷയിലെ ദേശീയ പാത 326 വീതികൂട്ടൽ എന്നീ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്. 374 കിലോമീറ്റർ ദിർഘ്യമുള്ള നാസിക് - സോലാപൂർ ഹൈവേ ഇടനാഴി 19,142 കോടി രൂപ ചെലവിലാണ് നിർമ്മിക്കുന്നത്. നാസിക്, അഹല്യാനഗർ, സോലാപൂർ തുടങ്ങിയ പ്രധാന നഗരങ്ങളെ കുർണൂലുമായി ബന്ധിപ്പിക്കുന്നതാണ് നിർദിഷ്ട പദ്ധതി.

&&&&&&&&&&&&&&&&&

## New year celebrations

പുതുവർഷത്തെ വരവേൽക്കാനൊരുങ്ങി രാജ്യം. വിവിധ നഗരങ്ങളിൽ പുതുവൽസര ആഘോഷത്തിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. രാജ്യത്തെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളും നഗരങ്ങളുമെല്ലാം പുതുവർഷം ആഘോഷിക്കാനുളള തിരക്കിലാണ്. ആഘോഷ കേന്ദ്രങ്ങളിലെല്ലാം കനത്ത സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. പൗരന്മാർക്ക് രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും പുതുവൽസരാശംസകൾ നേർന്നു. എല്ലാവർക്കും സമാധാനവും സന്തോഷവും സമൃദ്ധിയും നൽകുന്ന 2026 ശക്തവും സമ്പന്നവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിന് പുതിയ ഊർജ്ജം പകരുമെന്നും രാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു.

കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലെ പുതുവൽസരാഘോഷ കേന്ദ്രങ്ങളിൽ ജനത്തിരക്കേറി. പുതുവൽസരം ആദ്യമെത്തിയ കിരിബാസിൽ ജനങ്ങൾ ആവേശത്തോടെയാണ് അതിനെ വരവേറ്റത്. ഓസ്ട്രേലിയ, ന്യൂസിലാൻഡ് എന്നിവിടങ്ങളിലും പുതുവൽസരത്തിന് തുടക്കമായി.

&&&&&&&&&&&&&&&&&&

## DRDO-MISSILES

ഒരേ ലോഞ്ചറിൽ നിന്ന് തുടർച്ചയായി രണ്ട് പ്രാലൈ മിസൈലുകളുടെ വിക്ഷേപണം വിജയകരമായി പരീക്ഷിച്ച് പ്രതിരോധ ഗവേഷണ സ്ഥാപനമായ ഡിആർഡിഒ. ഒഡീഷ ചണ്ഡിപൂരിലായിരുന്നു വിക്ഷേപണം. രണ്ട് മിസൈലുകളും ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തിയതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു. തദ്ദേശീയമായി വികസിപ്പിച്ചെടുത്ത അത്യാധുനിക സോളിഡ് പ്രൊപ്പല്ലന്റ് ക്വാസി-ബാലിസ്റ്റിക് മിസൈലാണ് പ്രാലൈ. വിവിധ ലക്ഷ്യസ്ഥാനങ്ങളിലേക്ക് ഒന്നിലധികം തരം പോർമുനകൾ വഹിക്കാൻ മിസൈലിന് കഴിയും.

&&&&&&&&&&&&&&&&&&

## PM- AYODHYA ANNIVERSARY

ഉത്തർപ്രദേശിലെ അയോധ്യയിൽ നടക്കുന്ന രാം ലല്ല പ്രാണ പ്രതിഷ്ഠാ വാർഷികാഘോഷങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. വിശ്വാസത്തിൻറെയും പാരമ്പര്യത്തിൻറെയും ദിവ്യമായ ഉത്സവമാണിതെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. രാജ്യത്തിനകത്തും പുറത്തുമുള്ള രാമഭക്തർക്ക് വേണ്ടി ശ്രീരാമപാദങ്ങളിൽ പ്രണാമമർപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## RAJNATH-PRAN PRATISHTHA

രാംലല്ല പ്രാണ പ്രതിഷ്ഠാ വാർഷികകാഘോഷങ്ങൾ അയോധ്യയിൽ ഭക്തിനിർഭരമായി പുരോഗമിക്കുന്നു. ആഘോഷങ്ങളുടെ ഭാഗമായി ഇന്ന് നിരവധി പരമ്പരാഗത യാഗ ഹവനങ്ങളും പൂജകളും നടക്കുന്നു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങും മുഖ്യമന്ത്രി യോഗി ആദിത്യനാഥും ഉൾപ്പെടെ നിരവധിപേർ ഈ ചരിത്ര നിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ചു. പെർകോട്ടയിലെ അന്നപൂർണ്ണ ക്ഷേത്രത്തിനു മുകളിൽ ധ്വജാരോഹണം നടത്തിയ ശ്രീ. രാജ്നാഥ് സിംഗ്, നേരത്തെ ഹനുമാൻഗഡ് ക്ഷേത്രത്തിൽ ദർശന പൂജയും നടത്തി.

&&&&&&&&&&&&&&&&&

## GOVT – EXPORT PROMOTION (INTRO)

ഇന്ത്യൻ കയറ്റുമതി വ്യാപാരികൾക്ക് ആഗോള വിപണികളിലേക്കുള്ള പ്രവേശനം ശക്തിപ്പെടുത്തുന്നതിനായി മാർക്കറ്റ് ആക്സസ് സപ്പോർട്ട് - ദൗത്യത്തിന് തുടക്കമിട്ട് കേന്ദ്രസർക്കാർ. MSME-കൾ, ആദ്യമായി കയറ്റുമതി ചെയ്യുന്നവർ, മുൻഗണനാ മേഖലകളിൽ നിന്നുള്ള സ്ഥാപനങ്ങൾ എന്നിവർക്ക് പിന്തുണ നൽകുന്നതാണ് കയറ്റുമതി പ്രോൽസാഹന മിഷന് കീഴിൽ നടപ്പാക്കുന്ന ഈ പദ്ധതി. വിശദാംശങ്ങളിലേക്ക് ..........

(വോയ്സ്)

&&&&&&&&&&&&&&&&&

## BANGLADESH-KHALEDA ZIA

മുൻ പ്രധാനമന്ത്രിയും ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി ചെയർപേഴ്സണുമായ അന്തരിച്ച ബീഗം ഖാലിദ സിയക്ക് വിട നൽകി ബംഗ്ലദേശ്. ധാക്കയിലെ മണിക് മിയ അവന്യൂവിലായിരുന്നു സംസ്കാരം, വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഉൾപ്പെടെയുള്ള വിദേശ പ്രമുഖരും നേപ്പാൾ, ശ്രീലങ്ക, പാകിസ്ഥാൻ, മറ്റ് ദക്ഷിണ-തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളും അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. ബംഗ്ലാദേശിൻറെ ആദ്യ വനിതാ പ്രധാനമന്ത്രിയായ ഖാലീദ സിയ ദീർഘകാല രോഗത്തെ തുടർന്ന് ഇന്നലെയാണ് അന്തരിച്ചത്.

&&&&&&&&&&&&&&&&&

## Nimesulide

100 മില്ലിഗ്രാമിന് മുകളിൽ നിമെസുലൈഡ് അടങ്ങിയ മരുന്നുകളുടെ നിർമാണവും, വിൽപനയും നിരോധിച്ച് കേന്ദ്രസർക്കാർ. കടുത്ത വേദനയ്ക്കുള്ള ചികിത്സയ്ക്ക് വ്യാപകമായി ഉപയോഗിക്കുന്ന നിമെസുലൈഡ് അടങ്ങിയ മരുന്നുകളുടെ ഉപയോഗം മനുഷ്യർക്ക് അപകടമുണ്ടാക്കാൻ സാധ്യതയുണ്ടെന്ന വിവരത്തിലാണ് നടപടി. നിമെസുലൈഡിന് പകരം ഉപയോഗിക്കാവുന്ന സുരക്ഷിതമായ മരുന്നുകൾ വിപണിയിൽ ലഭ്യമാണെന്നും സർക്കാർ അറിയിച്ചു.

&&&&&&&&&&&&&&&&&

## MURUGAN – CALENDAR (INTRO)

കേന്ദ്ര സർക്കാരിന്റെ 2026 ലെ കലണ്ടർ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ ഇന്ന് ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. 2047 ലെ വികസിത ഭാരതത്തിലേക്കുള്ള രാജ്യത്തിൻറെ ദേശീയ യാത്രയിലെ സുപ്രധാന അധ്യായങ്ങൾ അടയാളപ്പെടുത്തുന്നതാണ് കലണ്ടർ. ഈ വർഷത്തെ കലണ്ടറിന്റെ പ്രമേയം 'ഭാരതം 2047-ൽ' എന്നതാണെന്നും സ്വന്തം സ്വത്വത്തിൽ സുരക്ഷിതവും, സ്ഥാപനങ്ങളിൽ ശക്തവും, ദീർഘകാല കാഴ്ചപ്പാടിൽ വ്യക്തതയുള്ളതുമായ ഒരു രാഷ്ട്രത്തെയാണ് ഇത് പ്രതിഫലിപ്പിക്കുന്നതെന്നും കേന്ദ്ര സഹമന്ത്രി എൽ മുരുകൻ ചടങ്ങിൽ പറഞ്ഞു.
(മന്ത്രി വോയിസ്)

&&&&&&&&&&&&&&&&&&

## Union Calendar - Secretary (INTRO)

തീയതികളുടെയും അവധിദിനങ്ങളുടെയും വെറുമൊരു പട്ടിക മാത്രമല്ല ഈ കലണ്ടറെന്നും മറിച്ച് നമ്മുടെ രാജ്യം പ്രതീക്ഷിക്കുന്ന മുൻഗണനകൾ, മൂല്യങ്ങൾ, ദിശാബോധം എന്നിവയെ ദൃശ്യപരമായും പ്രമേയപരമായും പ്രതിഫലിപ്പിക്കുന്ന വിവരണമാണിതെന്നും കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ സെക്രട്ടറി സഞ്ജയ് ജാജു പറഞ്ഞു .
( വോയിസ് )

&&&&&&&&&&&&&&&&&&

## PM - PIPRAHWA RELICS

വിശുദ്ധ പിപ്രാഹ്വ തിരുശേഷിപ്പുകളുടെ പ്രദർശനം ശനിയാഴ്ച ന്യൂഡൽഹിയിലെ റായ് പിത്തോറ സാംസ്കാരിക സമുച്ചയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ശാക്യ വംശജർ പ്രതിഷ്ഠിച്ച ഗൗതമ ബുദ്ധന്റെ ഭൗതികാവശിഷ്ടങ്ങളുമായി ബന്ധപ്പെട്ട പിപ്രാഹ്വ തിരുശേഷിപ്പുകൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് കണ്ടെത്തിയത്. ലോട്ടസ് ലൈറ്റ്: റെലിക്സ് ഓഫ് ദി അവേക്കൺഡ് വൺ എന്ന പേരിൽ സാംസ്കാരിക മന്ത്രാലയമാണ് ഈ പ്രദർശനം സംഘടിപ്പിക്കുന്നത്

&&&&&&&&&&&&&&&&&&

## CBSE-DATES

2026 മാർച്ച് 3 ന് നടത്താൻ നിശ്ചയിച്ചിരുന്ന സി.ബി.എസ്.ഇ 10, 12 ക്ലാസുകളിലെ ബോർഡ് പരീക്ഷകളിൽ മാറ്റം. മാർച്ച് 3-ലെ പത്താം ക്ലാസ് പരീക്ഷ മാർച്ച് 11 ലേക്കും, പന്ത്രണ്ടാം ക്ലാസ് പരീക്ഷ ഏപ്രിൽ 10 ലേക്കുമാണ് മാറ്റിയത്. മറ്റ് പരീക്ഷകളിൽ മാറ്റമില്ല.

&&&&&&&&&&&&&&&&&&

## STATE CABINET DECISIONS

പതിനഞ്ചാം കേരള നിയമസഭയുടെ 16-ാം സമ്മേളനം ജനുവരി 20 മുതൽ വിളിച്ചു ചേർക്കാൻ ഇന്ന് ചേർന്ന മന്ത്രിസഭായോഗം ഗവർണറോട് ശുപാർശ ചെയ്തു. കൊച്ചി ക്യാൻസർ റിസർച്ച് സെൻററിൽ 159 തസ്തികകൾ സൃഷ്ടിക്കും. തലശ്ശേരിയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ അധിക ബെഞ്ച് തുടങ്ങാനും അനുമതി നൽകി. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും സാംസ്കാരിക നിലയങ്ങളിലും പഞ്ചായത്ത് ലൈബ്രറികളിലും ശിശു മന്ദിരങ്ങളിലും നഴ്സറി സ്കൂളുകളിലും ഓണറേറിയം/ ദിവസ വേതന അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നവരെ നടപടിക്രമങ്ങൾ പാലിച്ച് സ്ഥിരപ്പെടുത്താനും മന്ത്രിസഭായോഗം തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

## ANNOUNCEMENT

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ 2026 ജനുവരി ഒന്ന് മുതൽ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. നാളെ ഉച്ചയ്ക്ക് 1.45 ന് ആത്മനിർഭർ ഭാരത് എന്ന വിഷയത്തിൽ പ്രശസ്ത സാമ്പത്തിക വിദഗ്ധ മേരി ജോർജുമായുള്ള സംഭാഷണം കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## YEAR ENDER-PRODUCTION CARS IN SOUTH AFRICA

ലോക വേദിയിൽ ഇന്ത്യയുടെ വികസന വളർച്ചയുടെ നിർണായക അധ്യായമായിരുന്നു 2025. ഇന്ത്യയുടെ ഉത്പാദന മേഖലയിലെ കുതിപ്പിനെക്കുറിച്ചാണ് 'പരിഷ്കാരങ്ങളുടെ വർഷം' എന്ന പ്രത്യേക പരമ്പരയിൽ ഇന്ന്. ഈ വർഷം ദക്ഷിണാഫ്രിക്കയിൽ വിറ്റഴിക്കപ്പെട്ട കാറുകളിൽ പകുതിയും ഇന്ത്യൻ നിർമ്മിതമാണെന്നാണ് റിപ്പോർട്ട്. ഇന്ത്യൻ കമ്പനികൾ നിർമ്മിച്ചവയോ അല്ലെങ്കിൽ ഇന്ത്യയിൽ നിർമ്മിച്ച ഘടകങ്ങൾ ഉള്ളവയോ ആണ്. കൂടാതെ, 2024-ൽ ദക്ഷിണാഫ്രിക്കയിൽ വിറ്റഴിക്കപ്പെട്ട ജാപ്പനീസ് ബ്രാൻഡഡ് ലൈറ്റ് വാഹനങ്ങളിൽ 84 ശതമാനവും ഇന്ത്യയിൽ നിന്നാണ് ഇറക്കുമതി ചെയ്തത്.

&&&&&&&&&&&&&&&&

&&&&&&&&&&&&&